പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2935 29-10-2026-ൽ മറുപടിയ്ക്ക്

ദേശീയപാത 66 നിർമ്മാണ ചെലവിലെ വർദ്ധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. വർഗീസ് മാമ്മൻ	ശ്രീ. പി. കെ. ബഷീർ
ശ്രീ. വിനു ജോബ് കുഴിമണ്ണിൽ	(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മണ്ണിന്റെ ബലക്കുറവും ഭൂമിയുടെ പ്രത്യേകതകളും കണക്കിലെടുത്ത്, സംസ്ഥാനത്തെ ദേശീയപാത 66-ൽ നിർമ്മാണത്തിലുള്ള പാലങ്ങളുടെയും ആകാശപ്പാതകളുടെയും നീളവും എണ്ണവും വർദ്ധിപ്പിക്കാനുള്ള ദേശീയപാത അതോറിറ്റിയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്. കുരിയാട്, മയിലക്കാട് എന്നിവിടങ്ങളിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, പ്രവൃത്തികൾ പൂർത്തിയാകാത്തതോ അല്ലെങ്കിൽ ഗണ്യമായ തോതിൽ പൂർത്തിയാകാത്തതോ ആയ സ്ഥലങ്ങളിൽ, 8 മീറ്ററിൽ കൂടുതൽ ഉയരമുള്ള റിഇൻഫോഴ്സ്ഡ് എർത്ത് (RE) മതിൽ നിർമ്മാണത്തിന് പകരം എലിവേറ്റഡ് ഘടനകൾ (Elevated Structures) നിർമ്മിക്കാൻ ദേശീയപാത അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സാങ്കേതിക വിലയിരുത്തലുകൾക്കും പ്രോജക്ട് അധിഷ്ഠിത ആവശ്യകതകൾക്കും വിധേയമായിട്ടാണ് ഈ തീരുമാനം.

കൂടാതെ, ദേശീയപാത-66 ലെ അണ്ടർപാസുകളുടെ ജിയോടെക്നിക്കൽ പരിശോധനകൾ വിദഗ്ധ മേൽനോട്ടത്തിൽ നടത്തിവരികയാണ്. ഈ പരിശോധനാ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, പോരായ്മകൾ സ്ഥിരീകരിക്കുന്ന ഇടങ്ങളിൽ ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്.

(ബി) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം മൂലം മന്ദഗതിയിലായിരുന്ന പാത നിർമ്മാണത്തെ ഈ തീരുമാനം എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഡിസൈൻ മാറ്റങ്ങളുടെ പ്രത്യാഘാതങ്ങൾ, പുതുക്കിയ പ്രവൃത്തി ഷെഡ്യൂളുകളുടെയും (Revised Work Programmes) ബന്ധപ്പെട്ട കൺസെഷനയർമാരുമായി മധ്യസ്ഥത (Conciliation) വഴി ഒപ്പുവെച്ച സെറ്റിൽമെന്റ് കരാറുകളുടെയും പശ്ചാത്തലത്തിൽ വിലയിരുത്തി വരികയാണ്. തടസ്സങ്ങളും കാലതാമസങ്ങളും ലഘൂകരിക്കുന്നതിനും പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുമായി പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുകയും ബന്ധപ്പെട്ട പങ്കാളികളുമായി സംയോജിച്ച് പ്രവർത്തിക്കുകയും ചെയ്യുവരുന്നു.

(സി) പാലങ്ങളുടെയും ആകാശപ്പാതകളുടെയും എണ്ണവും നീളവും വർദ്ധിപ്പിക്കുന്നത് നിർമ്മാണച്ചെലവ് ഉയരാനും തന്മൂലം ടോൾ നിരക്കിൽ വൻവർദ്ധനയ്ക്കും കാരണമാകുമെന്നത് പരിഗണിച്ച് ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

മറുപടി: ജിയോടെക്നിക്കൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ, ആവശ്യമുള്ള സ്ഥലങ്ങളിൽ, റീഇൻഫോഴ്സ്ഡ് എർത്ത് (RE) ഭിത്തികൾക്ക് പകരം എലിവേറ്റഡ് സ്ട്രക്ചറുകൾ നിർമ്മിക്കുന്നത് കാരണം, നിർദ്ദിഷ്ട സൈറ്റ് ഡിസൈനിൽ വരുത്തുന്ന മാറ്റങ്ങളുടെ വ്യാപ്തിയും അനുസരിച്ച് നിർമ്മാണച്ചെലവ് വർദ്ധിപ്പിച്ചേക്കാം. എന്നിരുന്നാലും, ഇതിന്റെ ഫലമായുണ്ടാകുന്ന ഉപയോക്തൃ നിരക്കിലെ (Toll / User Fee) മാറ്റം നിർമ്മാണച്ചെലവിലുണ്ടാകുന്ന വർദ്ധനവ് മാത്രം അടിസ്ഥാനമാക്കി നിർണ്ണയിക്കാനാകില്ല.

കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ള 'ദേശീയപാതാ ഫീസ് (നിരക്ക് നിർണ്ണയവും ശേഖരണവും) ചട്ടങ്ങൾ 2008' (National Highways Fee Rules, 2008) അനുസരിച്ചും ബന്ധപ്പെട്ട പ്രോജക്ടിന് ബാധകമായ വ്യവസ്ഥകൾക്കനുസരിച്ചുമാണ് ദേശീയപാതകളിലെ ടോൾ നിരക്കുകൾ ഈടാക്കുന്നത്.

സെക്ഷൻ ഓഫീസർ